Pallippuram Panchayat Office—shifting of.

ഉർവ്വ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെപറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു് സദയം മറുപടി പറയുമോ:—

(എ) പള്ളിപ്പുറം പഞ്ചായത്താപ്പീസ് കുഴപ്പിള്ളിക്കു മാറുവാൻ ഗവൺമെണ്ടിന്നു് ഉദ്ദേശമുണ്ടോ;

(ഏ) കുഴപ്പിള്ളി ഗ്രൂപ്പ് കോർട്ടു് തിരഞ്ഞെടുപ്പും ഈ ആപ്പീസ് മാറലും തമ്മിൽ വല്ല ബന്ധവുമുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.—

(എ) ഉവ്വ്.

(ഏ) ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— എന്തു കൊണ്ടാണു് പള്ളിപ്പുറം പഞ്ചായത്താപ്പീസ് കുഴപ്പിള്ളിക്കു മാറുവാൻ ഗവൺമെൻറു് ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— പള്ളിപ്പുറം പഞ്ചായത്തു ആപ്പീസ് എന്നു പറഞ്ഞാൽ പള്ളിപ്പുറവും കുഴപ്പിള്ളിയും കൂടി കൂടിയതാണു്. ഇപ്പോഴത്തെ കുഴപ്പിള്ളിയിലുള്ള കെട്ടിടം വളരെ സൌകര്യമുള്ളതായതുകൊണ്ടു മാറാമെന്നുവച്ചതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— പള്ളിപ്പുറം പഞ്ചായത്തിൽനിന്നു കുഴപ്പിള്ളി പഞ്ചായത്താപ്പീസിലേക്കു എത്ര മൈൽ ദൂരമുണ്ടാകുമെന്നു പറയാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— ഇപ്പോൾ കൃത്യമായി പറയാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇപ്പോഴത്തെ വൈദ്യശാല അവിടെനിന്നു മാറുവാൻ ഉദ്ദേശമുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— ഉദ്ദേശമുള്ളതായി തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— പബ്ലിക്കാപ്പീസുകൾ പള്ളിപ്പുറത്തുനിന്നു മാറുന്നതിനു ഗവൺമെൻറിനെ പ്രേരിപ്പിച്ച പ്രധാന സംഗതി എന്തൊക്കെയാണെന്നു പറയാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ് *(Joint Secretary to Government)*.— പള്ളിപ്പുറത്തുള്ള കെട്ടിടം സെൻറൽ പൊസിഷനിൽ അല്ല.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*.— പഞ്ചായത്തു കെട്ടിടം മാറുന്നതു് ആപ്പീസുകാരുടെ അഭിപ്രായപ്രകാരമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— അങ്ങിനെ തന്നെയായിരിക്കും.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— പഞ്ചായത്തുകാരിൽ ആക്ഷേപം വരാതെ ആപ്പീസ്സു മാറേണ്ട ആവശ്യമുണ്ടോ?

മിസ്റ്റർ പി. ജെ ജോജ്ജ് (*Joint Secretary to Government*).— അവക്കു ആക്ഷേപമില്ലെങ്കിലും മാറാം.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— അവക്കു ഇപ്പോഴുള്ള ആപ്പീസ്സു സൌകര്യമാണെങ്കിൽ ഗവമ്മെണ്ടിനു എന്താണു നഷ്ടം?

മിസ്റ്റർ പി. ജെ ജോജ്ജ് (*Joint Secretary to Government*).— ഗവമ്മെണ്ടിനു് നഷ്ടമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— ആപ്പീസ്സു മാറുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— D. P. H ഇല്ലാത്തതുകൊണ്ടു വിവരം മുഴുവൻ പറയാൻ സാധിക്കയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— ഞാൻ ചോദിക്കുന്നതു ഹെൽത്തു ഡയരക്ടരോടല്ല. കൊച്ചി ഗവമ്മെണ്ടിനോടാണു്?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— പറയാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പഞ്ചായത്തിന്റെ തീപ്പില്ലാതെ പഞ്ചായത്താപ്പീസ്സു മാറുന്ന കാര്യത്തെക്കുറിച്ചു ഗവമ്മെണ്ടിൽനിന്നു ഒരു തീർപ്പു കല്പിക്കുന്നതിനു ദയവായി ആലോചിക്കാമോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— ഗൌരവമായിട്ടു് ആലോചിക്കാം.

Scouts—Services rendered—statement regarding.

249. Mr. A. V. Moothedan (*Chalakkudi*).—Will the Government be pleased to enumerate the services rendered by the Scouts in Cochin State, to the general public and to themselves, quoting as many instances as possible?

Rao Sahib I. N. Menon (*Director of Public Instruction*).— A statement containing the details of the services rendered is appended. (*Appendix II*).

LIBRARY ARCHIVES Kerala Legislative Assembly